## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കളമശ്ശേരി നഗരസഭ – കൊച്ചിൻ ചിൽഡ്രൻസ് സയൻസ് പാർക്ക് - നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവമനുഷ്ഠിച്ചുവരുന്ന 15 ജീവനക്കാരുടെ സേവനകാലാവധി 179 ദിവസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

### തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 3312/2017/തസ്വഭവ                    തിരുവനന്തപുരം, തീയതി : 09/10/2017

പരാമർശം :
1) 20/02/2016 തീയതിയിലെ സ.ഉ.(പി) നം.28/2016/ധന.
2) 06/02/2017 തീയതിയിലെ സ.ഉ.(സാധാ) നം.342/2017/തസ്വഭവ.
3) കളമശ്ശേരി നഗരസഭാ കൗൺസിലിന്റെ 16/05/2017 ലെ 7-ാം നമ്പർ തീരുമാനം.
4) കളമശ്ശേരി നഗരസഭാ ചെയർപേഴ്സണന്റെ 15/06/2017 തീയതിയിലെ എച്ച്.4403/15 നമ്പർ കത്ത്.
5) നഗരകാര്യ ഡയറക്ടറുടെ 19/09/2017 തീയതിയിലെ ജി2-17518/17 നമ്പർ കത്ത്.

### ഉത്തരവ്

കളമശ്ശേരി നഗരസഭയ്ക്ക് സംസ്ഥാന സർക്കാർ കിൻഫ്ര വ്യവസായ വകുപ്പിന്റെ ലാന്റിൽ സൗജന്യമായി നൽകിയ സ്ഥലത്ത് കൊച്ചിൻ ചിൽഡ്രൻസ് സയൻസ് പാർക്ക് നിർമ്മിക്കുകയും ആയത് നല്ല രീതിയിൽ പ്രവർത്തിച്ച് വരികയും ചെയ്യുന്നുണ്ടെന്നും, പ്രസ്തുത പാർക്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും പാർക്ക് സംരക്ഷിക്കുന്നതിനുമായി 15 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നുവെന്നും, ടി ഉത്തരവിന്റെ കാലാവധി 21/06/2017 ന് അവസാനിച്ചതിനാൽ ടി ജീവനക്കാരുടെ സേവനകാലാവധി വീണ്ടും 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരമുള്ള നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (4) പ്രകാരം നഗരസഭാ ചെയർപേഴ്സൺ സർക്കാരിനോട് അഭ്യർത്ഥിച്ചു. പ്രസ്തുത ആവശ്യം സംബന്ധിച്ച് നഗരസഭയ്ക്ക് അനുമതി നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനെ അറിയിച്ചു.

2) സർക്കാർ ഇക്കാര്യം പരാമർശം (1) പ്രകാരമുള്ള ഉത്തരവ് സഹിതം വിശദമായി പരിശോധിച്ചു. കളമശ്ശേരി നഗരസഭാ ചെയർപേഴ്സണന്റെ കത്തും കൗൺസിൽ തീരുമാനവും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച്, കളമശ്ശേരി നഗരസഭ വക കൊച്ചിൻ ചിൽഡ്രൻസ് സയൻസ് പാർക്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും പാർക്ക് സംരക്ഷണത്തിനുമായി താൽക്കാലികമായി നിയമിച്ചിരുന്ന 15 ജീവനക്കാരുടെ നിലവിലെ സേവനകാലാവധി 21/06/2017 ൽ അവസാനിച്ചതിനാൽ, പരാമർശം (1) ലെ സർക്കാർ

ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ടി ജീവനക്കാരുടെ സേവനകാലാവധി 23/06/2017 മുതൽ 179 ദിവസത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) മേൽപ്പറഞ്ഞതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കളമശ്ശേരി നഗരസഭ
ചെയർപേഴ്സൺ, കളമശ്ശേരി നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ